©
കേരള സർക്കാർ
Government of Kerala
2019

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
## PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 8<br>Vol. VIII | തിരുവനന്തപുരം, ചൊവ്വ<br>Thiruvananthapuram, Tuesday | 2019 ഫെബ്രുവരി 12<br>12th February 2019<br>1194 മകരം 29<br>29th Makaram 1194<br>1940 മാഘം 23<br>23rd Magha 1940 | നമ്പർ<br>No. | 7 |

## PART III

# Ground Water Department

ദർഘാസ് പരസ്യം

[നമ്പർ 08/2018-19]

ജി.ഡബ്ല്യു./ഡി.ഡബ്ല്യു/റ്റി/1413/18 2019 ഫെബ്രുവരി 4.

ജില്ലാ ഓഫീസർ ഭൂജലവകുപ്പ്, വയനാട് നെന്മേനി പഞ്ചായത്തിലെ വലിയവട്ടം പണിയ കോളനിയിൽ 150 മി. മീ. വ്യാസത്തിലുള്ള കുഴൽകിണർ കുഴിക്കുന്നതിനായി ജി. എസ്. റ്റി. രജിസ്ട്രേഷൻ ഉള്ള അംഗീകൃത കരാറുകാർ/ ഏജൻസികളിൽ നിന്നും മുദ്രവച്ച മത്സര സ്വഭാവമുള്ള ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു.

കുഴൽകിണർ നിർമ്മിക്കേണ്ട സ്ഥലം — നെന്മേനി പഞ്ചായത്തിലെ വലിയവട്ടം പണിയ കോളനി.

അടങ്കൽ തുക—₹ 78,750.

ടെണ്ടർ ഫോറത്തിൻെറ വില—₹ 500 + 12 % ജി.എസ്.റ്റി.

നിരതദ്രവ്യം—₹ 2,000.

ദർഘാസുകൾ നൽകി തുടങ്ങുന്ന തീയതിയും സമയവും— 11-2-2019, 11 മണി മുതൽ

ദർഘാസുകൾ വിൽക്കുന്ന അവസാന തീയതിയും സമയവും— 18-2-2019, 1 മണി

ദർഘാസുകൾ സ്വീകരിക്കുന്ന അവസാന തീയതിയും സമയവും— 18-2-2019, 3 മണി

ദർഘാസുകൾ തുറക്കുന്ന തീയതിയും സമയവും— 18-2-2019, 4 മണി

പ്രവൃത്തി തീർക്കേണ്ട കാലാവധി—1 ആഴ്ച.

ഏതെങ്കിലും കാരണവശാൽ ടി ദിവസം പൊതു അവധി പ്രഖ്യാപിക്കപ്പെട്ടാൽ അടുത്ത പ്രവൃത്തി ദിവസം ദർഘാസുകൾ തുറക്കുന്നതായിരിക്കും.

ദർഘാസ് പ്രമാണങ്ങളും മറ്റു വിവരങ്ങളും താഴെ ഒപ്പു വച്ചിരിക്കുന്ന ഉദ്യോഗസ്ഥന്റെ കാര്യാലയത്തിൽ നിന്നും 18-2-2019 ഉച്ചയ്ക്ക് 1 മണി വരെ ലഭിക്കുന്നതാണ്. ദർഘാസ് പ്രമാണം രൊക്കം പണമടച്ച് രേഖാമൂലം ആവശ്യപ്പെട്ടാൽ ലഭിക്കുന്നതാണ്. ദർഘാസ് പ്രമാണങ്ങൾ അന്യോന്യം കൈമാറാൻ പാടില്ലാത്തതാകുന്നു. ദർഘാസ് പ്രമാണത്തിന്റെ വില യാതൊരു കാരണവശാലും മടക്കിക്കൊടുക്കുന്നതല്ല. പോസ്റ്റോഫീസിൽ നിന്നും ജില്ലാ ഓഫീസറുടെ പേരിൽ പണയപ്പെടുത്തിയ നാഷണൽ സേവിംഗ്സ് സർട്ടിഫിക്കറ്റ്/ ഡിമാൻഡ് ഡ്രാഫ്റ്റ് ദർഘാസിനോടൊപ്പം നിരതദ്രവ്യമായി സമർപ്പിക്കേണ്ടതാണ്. ദർഘാസിനോടൊപ്പം ₹ 200 മുദ്രപത്രത്തിൽ പ്രാഥമിക ഉടമ്പടി സമർപ്പിക്കേണ്ടതാണ്. ദർഘാസുകളെ സംബന്ധിച്ച എല്ലാ സർക്കാർ നിബന്ധനകളും ഈ ദർഘാസിനും ബാധകമാണ്.

ജില്ലാ ഓഫീസ്, ഭൂജല വകുപ്പ്,
വയനാട്.

(ഒപ്പ്)
ജില്ലാ ഓഫീസർ.